**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268</u>** **<u>08-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>രണ്ടാം ലോക കേരള സഭ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രണ്ടാം ലോക കേരള സഭയുടെ നടത്തിപ്പിനായി 2019-20 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് അനുവദിച്ചത്; അതിൽ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിൽ ലോക കേരള സഭയ്ക്കായി 5 കോടി രൂപയുടെ ഭരണാനുമതി 25/05/2019 തീയതിയിലെ സ.ഉ(സാധാ) നം.234/2019/നോർക്ക ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 23/12/2019 ലെ സ.ഉ (സാധാ)നം.882/2019/ നോർക്ക, 14/02/2020 ലെ 120/2020/നോർക്ക, 15/2/2020ലെ സ.ഉ(സാധാ)നം.123/2020/നോർക്ക എന്നീ ഉത്തരവുകൾ പ്രകാരം 2230-01-103-90-PV -ലോക കേരള സഭ – എന്ന ശീർഷകത്തിൽ നിന്നും 3,50,00,000/-(മൂന്നു കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപ ഒന്നാം ലോക കേരള സഭയുടെ തീരുമാന പ്രകാരം രൂപീകരിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡിന് കാപ്പിറ്റൽ കോൺട്രിബ്യൂഷനായി അനുവദിച്ചിട്ടുള്ളതാണ്. ആകെ അനുവദിച്ച തുകയിൽ 2,00,00,000/-(രണ്ട് കോടി രൂപ മാത്രം)രൂപ ചെലവഴിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ചെലവുകൾ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആഡിറ്റിൽ കണ്ടെത്തിയ അപാകതകൾ എന്തൊക്കെയാണെന്നറിയിക്കുമോ? | (ബി) | 2019-20 സാമ്പത്തിക വർഷത്തിലെ ലോക കേരള സഭയുമായി ബന്ധപ്പെട്ട ചെലവുകൾ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. 2019-20 സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയാക്കിയിട്ടുള്ളതും ആഡിറ്റ് റിപ്പോർട്ടിൽ ലോക കേരള സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യേക പരാമർശങ്ങൾ ഇല്ലാത്തതുമാണ്. 2019-20 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ട്രാൻസാക്ഷൻ ആഡിറ്റ് 2021 ഏപ്രിൽ 19-മുതൽ ആരംഭിക്കുകയും കോവിഡ് വ്യാപനം കാരണം താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ